**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ : 3357** **11.05.2017-ൽ മറുപടിക്ക്**

**<u>ദേവികുളം മണ്ഡലത്തിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുവാൻ നടപടി</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ:** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ദേവികുളം നിയോജക മണ്ഡലത്തിൽ നിരവധി തോട്ടം തൊഴിലാളികളും സാധാരണ ജനങ്ങളും തിങ്ങി പാർക്കുന്ന മൂന്നാറിൽ സഹകരണ വകുപ്പിന്റെ കീഴിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്.<br><br>ദേവികുളം നിയോജകമണ്ഡലത്തിൽ നിലവിൽ അടിമാലി സർവ്വീസ് സഹകരണ ബാങ്കിന്റെ നിയന്ത്രണത്തിലുള്ള 2 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയതിന്റെ നടപടികൾ എന്തെല്ലാമായെന്ന് വ്യക്തമാക്കുമോ; | (ബി) | ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 1500 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ 100 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലേക്കായി സഹകരണ സംഘങ്ങളെ ബോധവൽക്കരിച്ച് ടി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് താൽപ്പര്യം പ്രകടിപ്പിക്കുന്ന സംഘങ്ങൾക്ക് പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ എല്ലാ സഹായങ്ങളും ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) നൽകി വരുന്നുണ്ട്. |
| (സി) | ഇല്ലെങ്കിൽ അവ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) | ഉത്തരം 'ബി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**